# ശിർക്ക് ചെയ്യുന്നവരെ പിന്തുടർന്ന് നമസ്കരിക്കാമോ???

١ـ السؤال الأول من الفتوى رقم (4299)

س1: أنا أعيش في قرية أغلب سكانها مسلمون ولكنهم يدعون غير الله عند نزول المصيبة والنازلة، وإن هؤلاء القوم يدعون ويعتقدون أن الأنبياء والأولياء والشهداء والصالحين هم المقربون إلى الله ونحن عصاة فبذلك لسنا مؤهلين ولا مستحقين أن نسأل الله بلا وسيلة إليه من الأولياء أو الشهداء أو الصالحين، وهؤلاء القوم يدعون أن الأولياء يقربوننا إلى الله، وهم يسمعون دعاءنا بعد موتهم فيشفعون لنا عند الله. أيضا وهؤلاء القوم يقيمون الأعياد عند قبور الصالحين، ويسمونهم بالعروس أو النذر كما يقيم الكفار عند معابدهم. وليس في محلتي أحد يؤمن بعقيدة السلف إلا أنا وحدي أنا منفرد في قريتي بعقيدتي السلفية، وكلما دعوتهم إلى عقائد السلفية وهم يردون علي بالقول أنت مبتدع وأنت وهابي نسبة إلى الشيخ المجدد محمد بن عبد الوهاب رحمه الله، فإن كانت عقائد القوم هكذا فهل تجوز الصلاة خلفهم والاقتداء بهم للضرورة أم لا.؟ أو الانفراد أفضل في هذه الحال، وهل يحل أكل ذبيحتهم أم لا؟

ج1: من كان واقعه ما وصفت لا تجوز الصلاة خلفه ولا تصح لو فعلت، لأن أعماله شركية تخرجه من ملة الإسلام ولا تؤكل ذبيحته لأنه مشرك لما ورد في ذلك من الأدلة الشرعية ونسأل الله أن يثبتك على الحق وأن يهديهم على يديك حتى يكون لك مثل أجورهم، ونوصيك بالاستمرار في دعوتهم إلى الله وإرشادهم إلى الحق بالوسائل الحسنة والأسلوب المؤثر الرقيق، والصبر على أذاهم عملا بقول ربنا عز وجل { ادْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِي هِيَ أَحْسَنُ } (1) وقوله سبحانه عن لقمان أنه قال لابنه: { يَا بُنَيَّ أَقِمِ الصَّلَاةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنْكَرِ وَاصْبِرْ عَلَى مَا أَصَابَكَ إِنَّ ذَلِكَ مِنْ عَزْمِ الْأُمُورِ } (2) وما جاء في معنى ذلك من الآيات والأحاديث.

وبالله التوفيق وصلى الله على نبينا محمد وآله وصحبه وسلم.

اللجنة الدائمة للبحوث العلمية والإفتاء

عضو // نائب الرئيس // الرئيس //

عبد الله بن قعود // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //

1. ഫത്‌വ നം.4299 ഒന്നാമത്തെ ചോദ്യം

ചോദ്യം : ‘‘ഞാൻ താമസിക്കുന്ന പട്ടണത്തിൽ അധികവും മുസ്ലിംകളാണുള്ളത്.ദുരിതത്തിലും വിപത്തിലും അവർ അല്ലാഹു അല്ലാത്ത ആളുകളോട് പ്രാർത്ഥിക്കാറു ്. പ്രവാചകന്മാരും, ഔലിയാക്കളും, സ്വാലിഹീങ്ങളും മാത്രമാണ് അല്ലാഹുവിലേക്ക് അടുത്തവരെന്നും അവർ വിശ്വസിക്കുന്നു.നമ്മൾ തെറ്റ് ചെയ്യുന്നവരായത് കൊ ് അല്ലാഹുവിലേക്ക് ഔലിയാക്കളും ,ശുഹദാക്കളും, സ്വാലിഹീങ്ങളുമായ ഇടയാളന്മാരില്ലാതെ ചോദിക്കാനുള്ള യോഗ്യത നമുക്കില്ല,ഔലിയാക്കൾ നമ്മുടെ പ്രാർത്ഥന കേൾക്കുകയും നമ്മളെ അല്ലാഹുവിലേക്ക് അടുപ്പിക്കുകയും നമുക്കു വേ ി അല്ലാഹുവിനോട് ശുപാർശ പറയുകയും ചെയ്യും.ഇവർ സ്വാലിഹീങ്ങളുടെ ഖബറിനരികിൽ ഉത്സവങ്ങൾ സങ്കടിപ്പിക്കുന്നു.ഉറൂസ് എന്നിതിനെ വിളിക്കുകയും ചെയ്യുന്നു. അവിശ്വാസികൾ അവരുടെ അമ്പലങ്ങളിൽ സത്യം ചെയ്യുന്ന അതേ പോലെ ഇവരും സത്യം ചെയ്യുന്നു.ഞാനല്ലാതെ മറ്റൊരാളും എന്റെ ഗ്രാമത്തിൽ സലഫിന്റെ മാർഗ്ഗം തുടരുന്നവരായി ഇല്ല.ഞാനവരെ സലഫിന്റെ മാർഗത്തിലേക്ക് വിളിച്ചപ്പോൾ അവരെന്നെ മുബ്തദിഅ് എന്നും വഹാബി എന്നും വിളിച്ചു.അവർ അർത്ഥമാക്കിയത് ഞാൻ മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ്(റ) പിന്തുടരുന്നു എന്നാണ്.ഞാൻ പറഞ്ഞത് പോലെയാണ് ഇവരുടെ വിശ്വാസം എങ്കിൽ അവർക്ക് പിന്നിൽ നിന്ന് എനിക്ക് നമസ്കരിക്കാമോ?അതോ ഞാൻ ഒറ്റയ്ക്ക് നമസ്കരിക്കണമോ?അവർ അറുത്ത മാംസം കഴിക്കാൻ എനിക്ക് അനുവാദമു ോ?

മറുപടി : ഈ വിശ്വാസം വെച്ചു പുലർത്തുന്നവരുടെ പിന്നിൽ നിന്ന് നമസ്കരിക്കാൻ താങ്കൾക്ക് അനുവാദമില്ല.അവരുടെ പിന്നിൽ നിന്ന് നമസ്കരിച്ചാൽ താങ്കളുടെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല.അവരെ കാഫിറാക്കുന്ന ശിർക്ക് അവർ ചെയ്തു.അവർ മുശ്‌രിക്കാണെന്നതിനു നിയമപരമയ തെളിവുള്ളതിനാൽ അവർ അറുത്ത മാംസം താങ്കൾക്ക് കഴിക്കാൻ പാടില്ല.താങ്കളെ സത്യത്തിൽ അടിയുറപ്പിച്ചു നിർത്താനും താങ്കൾ കാരണത്താൽ അവരെ നേർമാർഗ്ഗത്തിലേക്ക് നയിക്കാനും നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.താങ്കളുടെ ഉപദേശം അവർ സ്വീകരിച്ചാൽ അവർക്ക് കിട്ടുന്ന പോലെ പ്രതിഫലം താങ്കൾക്കും കിട്ടിയേക്കാം.അവരെ അല്ലാഹുവിലേക്ക് വിളിക്കുന്നത് തുടരാനും മൃതുവായും ഫലപ്രദമായും നല്ല രീതിയിൽ അവരെ സത്യത്തിലേക്ക് നയിക്കാൻ നാം താങ്കളോട് ശുപാർശ ചെയ്യുന്നു.അവരുടെ ഉപദ്രവം താങ്കൾ ക്ഷമയോടെ സഹിക്കേ തു ്. നമ്മുടെ റബ്ബായ അല്ലാഹു ﷻ പറഞ്ഞത് പ്രാവർത്തികമാക്കി കൊ ്,

ٱدۡعُ إِلَىٰ سَبِيلِ رَبِّكَ بِٱلۡحِكۡمَةِ وَٱلۡمَوۡعِظَةِ ٱلۡحَسَنَةِۖ وَجَٰدِلۡهُم بِٱلَّتِي هِيَ أَحۡسَنُۚ

യുക്തി ദീക്ഷയോട് കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചു കൊള്ളുക.ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക.

ലുഖ്മാൻ عليه السلام തന്റെ മകനോട് പറഞ്ഞതായി അല്ലാഹു ﷻ പറഞ്ഞ പോലെ,

يَٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأۡمُرۡ بِٱلۡمَعۡرُوفِ وَٱنۡهَ عَنِ ٱلۡمُنكَرِ وَٱصۡبِرۡ عَلَىٰ مَآ أَصَابَكَۖ إِنَّ ذَٰلِكَ مِنۡ عَزۡمِ ٱلۡأُمُورِ ١٧

"എന്റെ കുഞ്ഞു മകനേ ,നീ നമസ്കാരം മുറ പോലെ നിർവ്വഹിക്കുകയും ,സദാചാരം കൽപ്പിക്കുകയും , ദുരാചാരത്തിൽ നിന്ന വിലക്കുകയും ,നിനക്ക ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക.തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്."

**٢ـ حكم من مات وهو تارك للصلاة السؤال الثالث من الفتوى رقم (2036)**

**س: هناك أناس لا يصلون الفرائض الخمس إطلاقًا إلا صلاة الجمعة، فما حكم الميت منهم وهل يجب على المسلمين دفنهم والصلاة عليهم؟**

**ج3: إذا كان الواقع كما ذكر فإن تاركها جاحدًا لوجوبها كافر بإجماع المسلمين، أما إن تركها كسلًا مع اعتقاد وجوبها فهو كافر على الصحيح من قولي العلماء؛ للأدلة الثابتة الدالة على ذلك، وعلى هذا القول الصحيح لا يغسل ولا يصلي عليه المسلمون صلاة الجنازة، ولا يدفن في مقابر المسلمين، بل يدفن في محل خاص بعيدًا عن مقابر المسلمين.**

**وبالله التوفيق وصلى الله على نبينا محمد وآله وصحبه وسلم.**

**اللجنة الدائمة للبحوث العلمية والإفتاء**

**عضو عضو نائب رئيس اللجنة الرئيس**

**عبد الله بن قعود عبد الله بن غديان عبد الرزاق عفيفي عبد العزيز بن عبد الله بن باز**

2. ഫത്‌വ നം.2036 ലെ മൂന്നാമത്തെ ചോദ്യം

ജീവിച്ചിരുന്നപ്പോൾ ജുമുഅ നമസ്കാരമല്ലാതെ മറ്റു നമസ്കാരങ്ങൾ ഉപേക്ഷിച്ചിരുന്ന ആൾ മരണപ്പെട്ടാൽ അവരെ മയ്യിത്ത് നമസ്കരിച്ച് മറമാടൽ മുസ്ലിംകളുടെ മേൽ നിർബന്ധമുണ്ടോ?

മറുപടി : താങ്കൾ പറഞ്ഞത് പോലെയാണ് കാര്യമെങ്കിൽ ,നമസ്കാരത്തിന്റെ നിർബന്ധ ബാദ്ധ്യതയെ നിഷേധിച്ചു കൊണ്ടാണ് അയാൾ നമസ്കാരം ഉപേക്ഷിക്കുന്നതെങ്കിൽ ,അയാൾ

കാഫിറാണെന്ന് മുസ്‌ലിം പണ്ഡിതന്മാർ ഏകോപിച്ച് സമ്മതിച്ചതാണ്.നിർബന്ധമാണെന്ന് വിശ്വസിക്കെ തന്നെ അലസത മൂലം ഉപേക്ഷിക്കുകയാണെങ്കിൽ സ്വഹീഹായ തെളിവുകളുടെ അടിസ്ഥാനത്തിൽ പണ്ഡിതന്മാരുടെ ശരിയായ അഭിപ്രായം അനുസരിച്ച് അയാൾ കാഫിറായി കരുതപ്പെടും. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള ആളുടെ മൃതദേഹം കുളിപ്പിക്കാവതോ ,അയാൾക്ക് വേ ി മുസ്ലിംകൾ മയ്യിത്ത് നമസ്കരിക്കുകയോ ചെയ്യരുത്.അതിനുമപ്പുറം അയാളെ മുസ്ലിംകളുടെ ഖബർസ്ഥാനിൽ മറമാടുകയും ചെയ്യരുത്.പകരം അയാളെ മുസ്ലിംകളുടെ ഖബർസ്ഥാനിൽ നിന്നകന്ന് ഒരു പ്രത്യേക സ്ഥലത്ത് മറമാടേ താണ്.

**٣ـ الصلاة خلف الحلولية (1)**

**الفتوى رقم (6825)**

**س: في هذه القرية مسجد مبسط ويجتمع فيه حوالي خمسمائة من المسلمين ولكن للأسف فإن إمام هذا المسجد يعتقد عقيدة فاسدة وحلولية، يعتقد أن الله في كل مكان. وهناك كثير من الخرافات والبدع تقام بهذا المسجد غلبتني نفسي حتى تناقشت مع إمام هذا المسجد وطرحت عليه الأدلة والبراهين بأن الله في السماء مستو على عرشه وفي هذا إذ لا نكيف ولا نمثل واستعنت بالأدلة الآتية قال الله تعالى: { الرَّحْمَنُ عَلَى الْعَرْشِ اسْتَوَى } وكذلك ذكرت له ليلة الإسراء والمعراج وذكرت له حديث الجارية وكذلك { إِلَيْهِ يَصْعَدُ الْكَلِمُ الطَّيِّبُ وَالْعَمَلُ الصَّالِحُ يَرْفَعُهُ } ولم يقتنع بل ظل في عتوه وعقيدته هذه وبالعلم أن هناك مسجد آخر في هذه القرية ويحمل نفس الخرافات والبدع، حتى الآن لم أطرح سؤالي، وسؤالي هو، هل يجوز لي أن أصلي خلف هذا الإمام أم لا ومع أني أحب أن أصلي صلاة الجماعة؟**

**ج: إنهم كفار، ولا تجوز الصلاة خلفهم ولا تصح.**

**وبالله التوفيق وصلى الله على نبينا محمد وآله وصحبه وسلم.**

**اللجنة الدائمة للبحوث العلمية والإفتاء**

**عضو // نائب الرئيس // الرئيس //**

**عبد الله بن قعود // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //**

3. ഫത്‌വ നം.6825

ചോദ്യം : ''നമ്മുടെ ഗ്രാമത്തിൽ അഞ്ഞൂറോളം വരുന്ന ആളുകൾ നമസ്കരത്തിനായി ഒരുമിച്ചു കൂടുന്ന ഒരു മസ്ജിദ് ഉ ്.അഖീദ മലിനമായ ഒരാളാണ് ഇവിടുത്തെ ഇമാം എന്നത് വളരെ ദുഖകരമായ സത്യമാണ്.അയാൾ ഹുലൂലിലും (അല്ലാഹു സൃഷ്ടികൾക്കുള്ളിൽ ഉ ന്ന വിശ്വാസം)

,അല്ലാഹു എല്ലാ സ്ഥലത്തും (സർവ്വവ്യാപി)ഉെ ന്നും വിശ്വസിക്കുന്നു.ഈ പള്ളിയിൽ ധാരാളം അന്ധവിശ്വാസങ്ങളും ബിദ്അത്തുകളും അരങ്ങേറുന്നു.ഞാൻ ഈ പറഞ്ഞ കാര്യങ്ങളിൽ ഇമാമുമായി ചർച്ച നടത്തുകയും അല്ലാഹു ഉപരിയിലാണെന്നും അവൻ അവന്റെ അർശിൽ ഉപവിഷ്ടനാകുന്ന എന്നതിനും ,അല്ലാഹുവിന്റെ ഗുണ വിശേഷണങ്ങൾ ചോദ്യം ചെയ്യാനോ(تكييف) ,അതിനെ സൃഷ്ടികളുമായി ഉപമിക്കാനോ (تمثيل) പാടില്ല എന്നതിനും തെളിവുകൾ കാണിച്ചു കൊടുത്തു.''പരമ കാരുണികൻ അർശിനു മേൽ ഉപവിഷ്ടനായി'' എന്ന ആയത്തും ഇസ്റാഅ്, മിഅ്റാജ് ആയത്തുകളും ,അടിമ സ്ത്രീയുടെ ഹദീസും, ''നല്ല വാക്കുകൾ അവനിലേക്കാണ് കയറിപ്പോകുന്നത്'' എന്നർത്ഥം വരുന്ന ആയത്തുകളുമെല്ലാം ഞാൻ പരാമർശിച്ചു.എങ്കിലും അയാൾക്ക് ബോധ്യപ്പെട്ടില്ല.അയാൾ തന്റെ വിശ്വാസത്തിൽ തന്നെ ശക്തമായി തുടരുന്നു.ഈ പട്ടണത്തിൽ വേറൊരു മസ്ജിദ് കൂടി ഉ ്,ഇവിടെയും ഇതേ അന്ധ വിശ്വാസങ്ങളും ,ബിദ്അത്തുകളും തന്നെ അരങ്ങേറുന്ന ്.എന്റെ ചോദ്യം ,ഞാൻ നമസ്കാരം ജമാഅത്തായി നമസ്കരിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി എന്ന നിലയിൽ എനിക്ക് ഈ ഇമാമിന്റെ പിന്നിൽ നമസ്കരിക്കാൻ അനുവാദം ഉ ാ?

മറുപടി : അവർ കാഫിറുകളാണ്,അവരുടെ പിന്നിൽ നമസ്കരിക്കൽ അനുവദനീയമല്ല,അത് ശരിയാവുകയുമില്ല.

**٤- الصلاة مع الصوفية**

**السؤال التاسع من الفتوى رقم (6250):**

**س9: في الحي الذي أسكن فيه يوجد مسجد وتوجد زاوية تابعة لطريقة صوفية، هل تجوز الصلاة في هذه الزاوية؟**

**ج9: لا تصل مع هؤلاء الصوفية في زاويتهم، واحذر صحبتهم والاختلاط بهم لئلا يصيبك ما أصابهم، وتحر الصلاة في مسجد جماعة يتحرون السنة ويحرصون عليها.**

**وبالله التوفيق. وصلى الله على نبينا محمد ، وآله وصحبه وسلم.**

**اللجنة الدائمة للبحوث العلمية والإفتاء**

**عضو // عضو // نائب رئيس اللجنة // الرئيس //**

**عبد الله بن قعود // عبد الله بن غديان // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //**

4.ചോദ്യം : ഞാൻ താമസിക്കുന്ന പ്രദേശത്ത് ഒരു മസ്ജിദ് ഉ ്. സൂഫികളുടെ മാർഗ്ഗം പിൻ പറ്റുന്ന സംഘമാണു അവിടെയുള്ളത്.ഈ മസ്ജിദിൽ നമസ്കരിക്കൽ അനുവദനീയമാണോ (പിന്തുടരാമോ)?

മറുപടി : സൂഫികളുടെ മസ്ജിദിൽ അവരോടൊത്ത് നീ നമസ്കരിക്കാൻ പാടില്ല.അവരോടൊത്ത് കൂടിക്കലരുന്നതും ,അവരുടെ കൂട്ടിനെ തൊട്ടും നീ ജാഗ്രത കൈ കൊള്ളണം.സുന്നത്തിനെ പിൻപറ്റുകയും അതിനെ മുറുകെ പിടിക്കുന്നവരുമായ മറ്റൊരു മസ്ജിദിൽ നീ നമസ്കരിക്കണം.

**٥- البريلوية**

**فتوى رقم (3090):**

**س: جماعة معينة في الباكستان تسمى البريلوية أو جماعة نواري نسبة إلى رئيسهم الحالي المعروف بنواري حيث طلبت من فضيلتكم الحكم الشرعي بهم وباعتقادهم وبالصلاة خلفهم ليكون ذلك بردًا وسلامًا على قلوب كثيرة لا تعرف الحقيقة ومرة ثانية، أذكركم ببعض خرافاتهم واعتقاداتهم الشائعة: 1- الاعتقاد بأن الرسول عليه الصلاة والسلام حي. 2- الاعتقاد بأن الرسول عليه الصلاة والسلام حاضر وناظر خاصة بعد صلاة الجمعة مباشرة. 3- الاعتقاد بأن الرسول عليه أفضل الصلاة والسلام الشفيع مسبقًا. 4- يعتقدون بالأولياء وأصحاب القبور ويصلون عندهم طالبين منهم قضاء الحاجة. 5- إشادة القباب وإضاءة القبور. 6- قولهم المشهور: يا رسول، يا محمد صلى الله عليه وسلم. 7- يسخطون بمن يجهر بالتأمين ويرفع يديه في الصلاة ويعتبرونه وهابي. 8- التعجب الشديد عند استعمال السواك عند الصلاة. 9- تقبيل الأصابع أثناء الوضوء والأذان وبعد الصلاة. 10- يردد إمامهم دائمًا بعد الصلاة... الآية : { إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ } ( 1) وبالتالي فإن جميع المأمومين يصلون على النبي بشكل جماعي بصوت عال. 11- يتحلقون بعد صلاة الجمعة واقفين وينشدون ويمدحون بصوت مرتفع. 12- بعد ختم القرآن الكريم في تراويح شهر رمضان يطهون الطعام الكثير ويوزعونه في صحن المسجد بالإضافة إلى الحلويات. 13- يشيدون المساجد ويهتمون بزخرفتها كثيرًا، ويكتبون فوق المحراب: يا محمد. 14- يعتبرون أنفسهم هم أصحاب السنة والعقيدة الصحيحة وغيرهم على خطأ. 15- ما الحكم الشرعي بالصلاة خلفهم؟**

**علمًا بأنني طالب طب في كراتشي وأسكن بجوار المسجد والمسلطة أو المشرفة عليه تلك الجماعة البريلوية .**

**ج: من هذه صفاته لا تجوز الصلاة خلفه، ولا تصح لو فعلت من عالم بحاله؛ لأن معظمها صفات كفرية وبدعية تناقض التوحيد الذي أرسل الله به رسله وأنزل به كتبه وتعارض صريح القرآن، مثل قوله**

سبحانه: { إِنَّكَ مَيِّتٌ وَإِنَّهُمْ مَيِّتُونَ } (1) وقوله: { وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا } (2) وينكر عليهم البدع التي يفعلونها بأسلوب حسن فإن قبلوا فالحمد لله، وإن لم يقبلوا هجرهم وصلى في مساجد أهل السنة، وله في خليل الرحمن أسوة حسنة في قوله: { وَأَعْتَزِلُكُمْ وَمَا تَدْعُونَ مِنْ دُونِ اللَّهِ وَأَدْعُو رَبِّي عَسَى أَلَّا أَكُونَ بِدُعَاءِ رَبِّي شَقِيًّا } (3)

وبالله التوفيق. وصلى الله على نبينا محمد ، وآله وصحبه وسلم.

اللجنة الدائمة للبحوث العلمية والإفتاء

عضو // نائب رئيس اللجنة // الرئيس //

عبد الله بن قعود // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //

5. ചോദ്യം : പാക്കിസ്ഥാനിൽ ബറേൽവി അല്ലെങ്കിൽ നവാരീ ജമാഅത്ത് എന്നറിയപ്പെടുന്ന ഒരു സംഘമു ്.അവരുടെ ഇപ്പോഴത്തെ നേതാവ് നവാരിയിലേക്ക് ചേർത്താണ് അങ്ങനെ അറിയപ്പെടുന്നത്.ധാരാളം ജനങ്ങൾക്ക് വസ്തുത അറിയാത്ത വിവാദ വിഷയം ആയതിനാൽ അവരെ കുറിച്ചും അവരുടെ അഖീദയെ കുറിച്ചും അവരുടെ പിന്നിൽ നമസ്കരിക്കുന്നതിനെ കുറിച്ചുമുള്ള ശരീഅത്തിന്റെ വിധി ഞാൻ താങ്കളോട് ചോദിക്കുന്നു.അവർക്ക് ന്യൂനതയുള്ള ചില വിശ്വാസങ്ങളും മാർഗ്ഗങ്ങളും വിശദീകരിക്കുന്നു.

1.പ്രവാചകൻ ജീവിച്ചിരിക്കുന്നു.

2.പ്രവാചകൻ എല്ലാം ക ു കൊ ് ഉ ്,പ്രത്യേകിച്ച് ജുമുഅ നമസ്കാരം കഴിഞ്ഞ ഉടൻ

3.പ്രവാചകൻ ഒന്നാമത്തെ അല്ലാഹുവിലേക്ക് എത്താനുള്ള മധ്യവർത്തിയാണ്.

4.അവർ പുണ്യവാളന്മാരിലും ജാറങ്ങളിലും വിശ്വസിക്കുന്നു,അവരുടെ കാര്യങ്ങൾ നേടുന്നതിനായി ഖബറിങ്കൽ നമസ്കരിക്കുന്നു.

5.ജാറങ്ങൾ പ്രാകാശം കൊ ് അലങ്കരിക്കുന്നു.

6.യാ റസൂൽ, യാ മുഹമ്മദ് എന്നിങ്ങനെ വിളിക്കാറു ്.

7.ആരെങ്കിലും നമസ്കാരത്തിൽ ആമീൻ പറയുകയോ ,കൈ ഉയർത്തുകയോ ചെയ്താൽ അവനെ വഹാബി എന്നു പരിഗണിക്കുകയും അവനോട് വെറുപ്പ് വെച്ച് പുലർത്തുകയും ചെയ്യും.

8.നമസ്കാരത്തിനു മുമ്പ് മിസ്വാക്ക് ചെയ്യുന്നത് അവർക്ക് വലിയ ആശ്ചര്യമാണ്.

9.വുദു എടുക്കുമ്പോഴും, ബാങ്കിനും നമസ്കാരത്തിനു ശേഷവും തള്ള വിരലുകൾ ചുംബിക്കും.

10.നമസ്കാരത്തിനു ശേഷം സൂറ അഹ്സാബിലെ 56 ആം വചനം അവരുടെ ഇമാം ആവർത്തിക്കും.

11.ജുമുഅ നമസ്കാര ശേഷം അവർ കൂടി നിന്ന് പ്രവാചകന്റെ മൗലിദ് പാടും.

12.റമദാൻ മാസത്തിൽ തറാവീഹ് നമസ്കാരത്തിൽ ഖുർആൻ മൊത്തം പാരായണം ചെയ്ത് കഴിഞ്ഞാൽ ധാരാളം ഭക്ഷണവും മധുരവും തയ്യാറാക്കി പള്ളിയിൽ ജനങ്ങൾക്ക് വിതരണം ചെയ്യും.

13.പള്ളികൾ നിർമ്മിക്കുമ്പോൾ അത് അലങ്കരിക്കുന്നതിനു വളരെ പ്രാധാന്യം കൽപ്പിക്കുകയും 'യാ മുഹമ്മദ്' എന്ന് മിഹ്റാബിനു മുകളിൽ എഴുതി വെക്കുകയും ചെയ്യുന്നു.

14.അവർ ശരിയായ വിശ്വാസത്തിന്റെയും സുന്നത്തിന്റെയും ആളുകളായും മറ്റുള്ളവർ പിഴച്ചവരായും അവർ കണക്കാക്കുന്നു.

15.കറാച്ചിയിൽ മെഡിക്കൽ വിദ്യാർത്ഥി എന്ന നിലയിൽ ഞാൻ അവരുടെ നിയന്ത്രണത്തിലുള്ള സ്ഥലത്താണ് താമസിക്കുന്നത്.ഞാൻ താമസിക്കുന്ന റൂമിന്റെ വാതിലിനു അപ്പുറം അവരുടെ മസ്ജിദ് ആണ്.ആ നിലക്ക് അവരുടെ പിന്നിൽ നിന്നും നമസ്കരിക്കുന്നതിന്റെ ശരീഅത്തിലെ വിധി എന്താണ്?

മറുപടി : ഈ സ്വഭാവവും ,സവിശേഷതയും ആർക്കുണ്ടോ അവരുടെ പിന്നിൽ നിന്നും താങ്കൾ നമസ്കരിക്കാൻ പാടില്ല.ഇവരുടെ അവസ്ഥ മനസിലാക്കിയിട്ട് തുടർന്നാൽ നമസ്കാരം ശരിയാകില്ല.ഇവരുടെ സ്വഭാവത്തിൽ തൗഹീദിനെ നിഷേധിക്കുന്ന കുഫ്റും ,ബിദ്അത്തും ആണ് അധികവും.

**٦ـ السؤال الأول من الفتوى وقم (9336):**

**س1: إذا كان إنسان إمام مسجد ويستغيث بالقبور ويقول: هذه قبور ناس أولياء ونستغيث بهم من أجل الواسطة بيننا وبين الله، هل يجوز لي أن أصلي خلفه وأنا إنسان أدعو إلى التوحيد؟ وأرجو منكم توضحوا لي كثيرًا في هذا مواضيع النذر والاستغاثة والتوسل.**

**ج1: من ثبت لديك أنه يستغيث بأصحاب القبور أو ينذر لهم فلا يصح أن تصلي خلفه؛ لأنه مشرك، والمشرك لا تصح إمامته ولا صلاته ولا يجوز للمسلم أن يصلي خلفه؛ لقول الله سبحانه: { وَلَوْ أَشْرَكُوا لَحَبِطَ عَنْهُمْ مَا كَانُوا يَعْمَلُونَ } (1) وقوله عز وجل: { وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ }{ بَلِ اللَّهَ فَاعْبُدْ وَكُنْ مِنَ الشَّاكِرِينَ } (2) .**

**وبالله التوفيق. وصلى الله على نبينا محمد ، وآله وصحبه وسلم.**

**اللجنة الدائمة للبحوث العلمية والإفتاء**

**عضو // نائب رئيس اللجنة // الرئيس //**

**عبد الله بن غديان // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //**

6. ചോദ്യം : മരിച്ചു ഖബറിൽ കിടക്കുന്ന ആളുകളോട് ,ഇവർ അല്ലാഹുവിന്റെ ഔലിയാക്കൾ ആണെന്ന് പറഞ്ഞു സഹായം ചോദിക്കുന്ന ഒരു മസ്ജിദിലെ ഒരു ഇമാം ,നമ്മൾ അവിടം സിയാറത്ത് ചെയ്യണമെന്നും,അല്ലാഹുവിനും നമുക്കും ഇടയിലുള്ള മധ്യ വർത്തിയാണ് അവരെന്നും പറയുന്നു.ഞാൻ തൗഹീദിലേക്ക് ക്ഷണിക്കുന്ന വ്യക്തി ആയിരിക്കെ ,ഈ ഇമാമിനു പിന്നിൽ ജമാഅത്ത് നമസ്കരിക്കൽ എനിക്ക് അനുവദനീയമാണോ?സത്യം ചെയ്യുക,അല്ലാഹു അല്ലാത്തവരോട് സഹായം തേടുക,തവസ്സുൽ ചെയ്യുക തുടങ്ങിയ ചോദ്യങ്ങൾക്ക് കൂടി ഉത്തരം വ്യക്തമാക്കാൻ കഴിയുമോ?

മറുപടി : താങ്കൾ സൂചിപ്പിച്ച പ്രകാരം ഇമാം മരണപ്പെട്ടവരോട് സഹായം തേടുകയും അവരെക്കൊ ു സത്യം ചെയ്യുകയും ചെയ്യുന്ന ആളാണെന്ന് താങ്കൾക്ക് ഉറപ്പുെ ങ്കിൽ അയാളുടെ പിന്നിൽ നിന്ന് നമസ്കരിക്കൽ അനുവദനീയം അല്ല.എന്ത് കൊെ ന്നാൽ അയാളെ ഒരു മുശ്രിക്ക് ആയി പരിഗണിക്കുന്നു.അയാൾ ജമാഅത്ത് ആയിട്ടും ഒറ്റക്ക് നമസ്കരിച്ചതും എല്ലാം ബാത്വിലാണ്.അതിനുമപ്പുറം ഒരു മുസ്ലിമിനു അയാളുടെ പിന്നിൽ നിന്ന് നമസ്കരിക്കൽ അനുവദനീയം അല്ല.

അല്ലാഹു ﷻ പറഞ്ഞത് കാരണമായി,

وَلَوْ أَشْرَكُواْ لَحَبِطَ عَنْهُم مَّا كَانُواْ يَعْمَلُونَ ﴿٨٨﴾

“അവർ (അല്ലാഹുവോട്) പങ്കു ചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായി പോകുമായിരുന്നു.”

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٦٥﴾ بَلِ ٱللَّهَ فَٱعْبُدْ وَكُن مِّنَ ٱلشَّٰكِرِينَ ﴿٦٦﴾

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ. ‘(അല്ലാഹുവിനു) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായി പോവുകയും ,തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും’.

അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക.

**٧ـ الاستغاثة بغير الله**

**فتوى رقم (2787):**

**س: رجل يعيش في جماعة تستغيث بغير الله هل يجوز له الصلاة خلفهم، وهل تجب الهجرة عنهم، وهل شركهم شرك غليظ، وهل موالاتهم كموالاة الكفار الحقيقيين؟**

ج: إذا كانت حال من تعيش بينهم – كما ذكرت: من استغاثتهم بغير الله، كالاستغاثة بالأموات والغائبين عنهم من الأحياء أو بالأشجار أو الأحجار أو الكواكب ونحو ذلك – فهم مشركون شركًا أكبر يخرج من ملة الإسلام، لا تجوز موالاتهم، كما لا تجوز موالاة الكفار، ولا تصح الصلاة خلفهم، ولا تجوز عشرتهم ولا الإقامة بين أظهرهم إلا لمن يدعوهم إلى الحق على بينة، ويرجو أن يستجيبوا له وأن تصلح حالهم دينيًا على يديه، وإلا وجب عليه هجرهم والانضمام إلى جماعة أخرى يتعاون معها على القيام بأصول الإسلام وفروعه وإحياء سنة رسول الله صلى الله عليه وسلم، فإن لم يجد اعتزل الفرق كلها ولو أصابته شدة؛ لما ثبت عن حذيفة رضي الله عنه أنه قال: « كان الناس يسألون رسول الله صلى الله عليه وسلم عن الخير، وكنت أسأله عن الشر مخافة أن أقع فيه، فقلت: يا رسول الله، إنا كنا في جاهلية وشر فجاءنا الله بهذا الخير، فهل بعد هذا الخير من شر؟ قال: "نعم"، فقلت: فهل بعد هذا الشر من خير؟ قال: "نعم، وفيه دخن"، قلت: وما دخنه؟ قال: "قوم يستنون بغير سنتي ويهدون بغير هديي تعرف منهم وتنكر"، فقلت: فهل بعد ذلك الخير من شر؟ قال: "نعم، دعاة على أبواب جهنم من أجابهم إليها قذفوه فيها"، فقلت: يا رسول الله، صفهم لنا، قال: "نعم، هم من بني جلدتنا، ويتكلمون بألسنتنا"، قلت: يا رسول الله، فما تأمرني إن أدركني ذلك؟ قال: "تلزم جماعة المسلمين وإمامهم" فقلت: فإن لم تكن لهم جماعة ولا إمام؟ قال: "فاعتزل تلك الفرق كلها ولو أن تعض على أصل شجرة حتى يدركك الموت وأنت على ذلك » متفق عليه (1) .

وبالله التوفيق. وصلى الله على نبينا محمد ، وآله وصحبه وسلم.

اللجنة الدائمة للبحوث العلمية والإفتاء

عضو // عضو // نائب رئيس اللجنة // الرئيس //

عبد الله بن قعود // عبد الله بن غديان // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //

7. ചോദ്യം : അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്ന സമൂഹത്തിൽ ജീവിക്കുന്ന ആളായ എനിക്ക് അവരുടെ പിന്നിൽ നിന്നു നമസ്കരിക്കൽ അനുവദനീയമാണോ?അവരുമായുള്ള ബന്ധം വിച്ഛേദിക്കൽ നിർബന്ധമാണോ?അവർ ചെയ്യുന്നത് വലിയ ശിർക്കിന്റെ ഗണത്തിൽ പെടുന്നതാണോ?അവരുമായി ബന്ധം സ്ഥാപിക്കുന്നത് യഥാർത്ഥ കാഫിറുകളുമായി ബന്ധം സ്ഥാപിക്കുന്നതിനു തുല്യമായി വിധിക്കപ്പെടുമോ?

മറുപടി : ‘‘താങ്കൾ ജീവിക്കുന്നത് താങ്കൾ വിവരിച്ചത് പോലെയുള്ള ജനങ്ങൾക്കിടയിലാണെങ്കിൽ : അവർ അല്ലാഹു അല്ലാത്തവരെ,മരിച്ചവരെ,സ്ഥലത്ത് ഇല്ലാത്തവരെ ,അല്ലെങ്കിൽ അദൃശ്യരെ,മരങ്ങളെയും കല്ലുകളെയും നക്ഷത്രങ്ങളെയും വിളിക്കുന്നവർ ഇസ്ലാമിൽ നിന്നും

പുറത്ത് പോകുന്ന വലിയ ശിർക്ക് ചെയ്ത കാഫിറുകളാണ.കാഫിറുകളെ പോലെ തന്നെ അവരെ മിത്രങ്ങളാക്കാൻ പാടില്ല.അവരുടെ പിന്നിൽ നമസ്കരിക്കൽ സാധുവല്ല.അവർ മതപരമായി നന്നാവുകയും ,താങ്കൾക്ക് അവർ ഉത്തരം തരും എന്ന പ്രതീക്ഷയോടു കൂടിയും വിജ്ഞാനത്തോട് കൂടി അവരെ സത്യത്തിലേക്ക് മടക്കി വിളിക്കാനല്ലാതെ അവർക്കിടയിൽ ജീവിക്കാനോ അവരുമായി ബന്ധം സ്ഥാപിക്കാനോ പാടില്ല.അതല്ലാത്ത പക്ഷം അവരുമായുള്ള ബന്ധം വിച്ഛേധിക്കൽ നിർബന്ധമാണ്.അല്ലാഹുവിന്റെ റസൂലിന്റെ ചര്യകൾ പുനസ്ഥാപിക്കുന്നതിനും ഇസ്‌ലമിന്റെ അടിസ്ഥാനവും ശാഖാപരവുമായ കാര്യങ്ങൾ സ്ഥാപിക്കുന്നതിനു വേ ി പ്രവർത്തിക്കാൻ കഴിയുന്ന മറ്റൊരു ജനതയുമായി ചേരൽ താങ്കൾക്ക് ബാധ്യതയാണ്.

അതിനു പറ്റിയ ഒരു സമൂഹത്തെ കെ ത്താൻ കഴിഞ്ഞില്ലെങ്കിൽ അവൻ എല്ലാ സമൂഹങ്ങളിൽ നിന്നും അകന്നു നില്ക്കണം.ഹുദൈഫ ﷺ യിൽ നിന്നും റിപ്പോർട്ട് വന്നിട്ടുള്ള ഹദീസിന്റെ അടിസ്ഥാനത്തിൽ അതെത്ര പ്രയാസമുള്ളതാണെങ്കിലും ശരി.

''ജനങ്ങളിൽ അധികവും അല്ലാഹുവിന്റെ റസൂലിനോട് നന്മയെ കുറിച്ച് ചോദിക്കുമായിരുന്നു, തിന്മയിൽ വീണു പോകുമോ എന്ന ഭയം കരണത്താൽ ഞാൻ അദ്ധേഹത്തോട് തിന്മയെ കുറിച്ച് ചോദിക്കുമായിരുന്നു.ഞാൻ റസൂൽ ﷺ നോട് പറഞ്ഞു : 'റസൂലേ, ഞങ്ങൾ ജാഹിലിയ്യത്തിലും തിന്മയിലുമായിരുന്നു, ഈ നന്മക്ക് ശേഷം ഇനി വല്ല തിന്മയുമു ാ?' നബി ﷺ പറഞ്ഞു : 'അതെ, ഉ ്', ഹുദൈഫ ﷺ ചോദിച്ചു : 'പ്രവാചകരേ, ഈ നന്മക്കു ശേഷം വല്ല തിന്മയുമു ാകുമോ?', നബി ﷺ പറഞ്ഞു : 'അതെ,പക്ഷെ അതിൽ കലർപ്പു ാകും' ഞാൻ ചോദിച്ചു : 'എന്താണ് അതിലെ കലർപ്പ്?' ,നബി ﷺ പറഞ്ഞു : ''എന്റെ മാർഗ്ഗത്തിലൂടെയല്ലാതെ മാർഗ ദർശനം ചെയ്യുന്നയാളുകൾ, എന്റെ സുന്നത്തല്ലാത്തതിനെ ,സുന്നത്തായി സ്വീകരിക്കുന്ന ആളുകൾ.അവരിൽ നന്മയും തിന്മയും ഉ ാകും, ഹുദൈഫ ﷺ ചോദിച്ചു : 'റസൂലേ, ഈ നന്മക്ക് ശേഷം മറ്റു വല്ല തിന്മയുമു ാകുമോ?',നബി ﷺ പറഞ്ഞു : 'അതെ, നരക വാതിലുകളിലുള്ള പ്രബോധകന്മാർ.ആരെങ്കിലും അവർക്ക് ഉത്തരം ചെയ്താലും,അവർ അവനെ അതിലേക്കെറിയും' ,ഞാൻ ചോദിച്ചു : 'പ്രവാചകരേ, അവരെക്കുറിച്ച് ഞങ്ങൾക്ക് വിവരിച്ച് തന്നാലും'.നബി പറഞ്ഞു : 'അവർ നമ്മുടെ കൂട്ടത്തിൽ പെട്ടവരും,നമ്മുടെ ഭാഷ സംസാരിക്കുന്നവരുമായിരിക്കും', ഞാൻ ചോദിച്ചു : 'പ്രവാചകരേ, ആ സന്ദർഭത്തിൽ താങ്കൾ ഞങ്ങളോടെന്തു കൽപ്പിക്കുന്നു?',അദ്ധേഹം പറഞ്ഞു : 'മുസ്ലിം ജമാഅത്തിനോടും ഇമാമിനോടും ഒപ്പം നിൽക്കുക' ഞാൻ ചോദിച്ചു : 'അവർക്ക് ഇമാമും ജമാഅത്തും ഇല്ലെങ്കിലോ?' അവിടുന്ന് പറഞ്ഞു : 'വൃക്ഷത്തിന്റെ വേരിൽ കടിച്ചു പിടിച്ചിട്ടാണെങ്കിലും മരണം വരെയും ആ കക്ഷികളെയെല്ലാം നീ വെടിയുക' (ബുഖാരി,മുസ്‌ലിം).

**٨ ـ وأما الصلاة خلف المبتدعة: فإن كانت بدعتهم شركية كدعائهم غير الله ونذرهم لغير الله واعتقادهم في مشايخهم ما لا يكون إلا لله من كمال العلم أو العلم بالمغيبات أو التأثير في الكونيات – فلا تصح الصلاة خلفهم، وإن كانت بدعتهم غير شركية؛ كالذكر بما أثر عن النبي صلى الله عليه وسلم، ولكن مع الاجتماع والترنحات: فالصلاة وراءهم صحيحة، إلا أنه ينبغي للمسلم أن يتحرى لصلاته إماما غير مبتدع؛ ليكون ذلك أعظم لأجره وأبعد عن المنكر.**

**وبالله التوفيق وصلى الله على نبينا محمد وآله وصحبه وسلم.**

اللجنة الدائمة للبحوث العلمية والإفتاء

عضو // عضو // نائب الرئيس //

عبد الله بن منيع // عبد الله بن غديان // عبد الرزاق عفيفي //

8. ഒരു ബിദ്അത്തുകാരന്റെ പിന്നിൽ നമസ്കരിക്കുന്നത് സംബന്ധിച്ച് ,അവരുടെ ബിദ്അത്ത് അല്ലാഹു അല്ലാത്തവരെ വിളിക്കുക, അല്ലാഹു അല്ലാത്തവരെ കൊ ് സത്യം ചെയ്യുക, അല്ലാഹുവിനു മാത്രമുള്ള ഗുണങ്ങൾ അവരുടെ ഷെയ്ഖുമാർക്ക് ഉ ന്ന് വിശ്വസിക്കൽ,അല്ലെങ്കിൽ അദൃശ്യം അറിയുക,കാര്യങ്ങളിൽ സ്വാധീനം ചെലുത്താനുള്ള കഴിവ് പോലുള്ള ശിർക്ക് ഉള്ളതാണെങ്കിൽ അവരുടെ പിന്നിൽ നിന്നു നമസ്കരിക്കൽ സ്വീകാര്യമല്ല.എന്നാൽ അവരുടെ ബിദ്അത്ത് ,ശിർക്ക് വരാത്ത, പ്രവാചകനിൽ നിന്നു വന്നിട്ടുള്ള ദിക്റുകൾ കൂട്ടത്തോടെയും ആടിയും ചൊല്ലുന്നത് പോലെ ഉള്ളതാണെങ്കിൽ അവരുടെ പിന്നിൽ നമസ്കരിക്കൽ സ്വീകാര്യമാകും.എന്നാൽ ബിദ്അത്ത് പിന്തുടരാത്ത ഒരു ഇമാമിനെ ക ത്താൻ ശ്രമിക്കൽ മുസ്ലിമിന്റെ ബാധ്യതയാണ്.അത് കൂടുതൽ പ്രതിഫലത്തിനും,തിന്മയിൽ നിന്നു മാറി നിൽക്കാനും കാരണമാകും.

**٩ـ السؤال الثالث من الفتوى رقم (2853):**

**س3: إنسان يكتب التمائم وهو إمام المسجد هل تجوز الصلاة وراءه؟**

**البيان: إن هذا الإنسان يكتب هاته التمائم لا للسحر وإنما لأغراض صغيرة ومنها: صداع الرأس، وللصبي حين نزوله من أمه للرضاع، وهناك مسائل أخرى مثل هاته أرجو أن تبين لي هذه المسألة فهناك علماء يقولون إنه مشرك لا تجوز الصلاة خلفه؟**

**ج3: تجوز الصلاة خلف الذي يكتب التمائم من القرآن والأدعية المشروعة ولا ينبغي له أن يكتبها؛ لأنه لا يجوز تعليقها، وأما إذا كانت التمائم تشتمل على أمور شركية فلا يصلى خلف الذي يكتبها ويجب أن يبين له أن هذا شرك والذي يجب عليه البيان هو الذي يعلمها.**

**وبالله التوفيق. وصلى الله على نبينا محمد ، وآله وصحبه وسلم.**

**اللجنة الدائمة للبحوث العلمية والإفتاء**

**عضو // عضو // نائب رئيس اللجنة // الرئيس //**

**عبد الله بن قعود // عبد الله بن غديان // عبد الرزاق عفيفي // عبد العزيز بن عبد الله بن باز //**

9. ജനങ്ങൾക്ക് വേ ി മന്ത്രത്തകിടുകൾ എഴുതുന്ന ഒരാളുടെ പിന്നിൽ നമസ്കരിക്കാമോ എന്ന ചോദ്യത്തിനു ലജ്നത്തു ദാഇമ കൊടുത്ത ഫത്‌വ കാണുക.

ഇസ്ലാം നിർദേശിച്ച പ്രാർത്ഥനകളും ഖുർആനുമാണ് മന്ത്രതകിടുകളിൽ എഴുതുന്നതെങ്കിൽ അയാളുടെ പിന്നിൽ നിന്ന് നമസ്കരിക്കൽ അനുവദനീയമാണ്.എന്നാൽ അത് അയാൾ എഴുതാൻ പാടില്ല,കാരണം അത് ധരിക്കൽ അനുവദനീയമല്ല.എന്നാൽ, മന്ത്രതകിടിൽ എന്തെങ്കിലും ശിർക്കിന്റെ അംശം ഉ ങ്കിൽ അതെഴുതിയ ആളുടെ പിന്നിൽ നിന്ന് നമസ്കരിക്കൽ അനുവദനീയമല്ല.ഇത് ശിർക്ക് ആണെന്ന് അയാൾക്ക് വിവരിച്ച് കൊടുക്കൽ അത്യാവശ്യവുമാണ്.അയാൾ ചെയ്യുന്നത് എന്താണെന്ന് അറിയുന്ന ആളാകണം അയാളെ ഉപദേശിക്കേ ത്.

**١٠ـ وأما ما ذكرتم من كتابته التمائم فالتمائم فيها تفصيل : فإن كانت هذه التمائم فيها ألفاظ شركية ودعاء لغير الله عز وجل وأسماء مجهولة فهذه لا تجوز كتابتها ولا استعمالها بإجماع أهل العلم لأنها شرك وهذا لا يصلى خلفه، أما إذا كانت هذه التمائم مكتوبة من القرآن الكريم ومن الأدعية المباحة والأدعية الواردة فهذه محل خلاف بين أهل العلم، منهم من أجازها ومنهم من منعها والمنع أحوط لأنه في فتح الباب لكتابتها وتعليقها وسيلة إلى التمائم المحرمة، ولأنه في كتابة القرآن الكريم على صفة تمائم وحروز في ذلك تعريض لإهانته ودخول المواضع التي لا يجوز دخوله بها، لكن لا بأس بالصلاة خلف من يكتبها .**

**فالحاصل أن كتابة التمائم إن كانت بألفاظ شركية أو بأسماء مجهولة أو بدعاء لغير الله أو استنجاد بالشياطين والمخلوقين والجن، فهذه ألفاظ شركية وكاتبها والذي يستعملها ويعلم ما فيها يكون مشركًا، أما إذا كانت من القرآن الكريم فالأحوط تجنبها وتركها وعدم استعمالها .**

**المنتقي من فتاوي الفوزان**

10. ഷെയ്ഖ് സ്വാലിഹ് അൽ ഫൗസാൻ മന്ത്രത്തകിടുകൾ എഴുതുന്ന ഒരാളുടെ പിന്നിൽ നിന്ന് നമസ്കരിക്കാമോ എന്ന ചോദ്യത്തിനു കൊടുത്ത മറുപടി കാണുക.

മന്ത്രതകിടുകളെ കുറിച്ച് കൂടുതൽ ചർച്ച ചെയ്യേ വിഷയമാണ്.ഈ മന്ത്രത്തകിടുകൾ അല്ലാഹു അല്ലാത്തവരോടുള്ള തേട്ടം, അറിയപ്പെടാത്ത പേരുകൾ പോലുള്ള ശിർക്കിന്റെ വചനങ്ങളടങ്ങിയതാണെങ്കിൽ പണ്ഡിതന്മാരുടെ ഇജ്മാഅ് അനുസരിച്ച് അതെഴുതുവാനോ, ഉപയോഗിക്കുവാനോ പാടില്ല.കാരണം, അത് ശിർക്കാണ്.അയാളുടെ പിന്നിൽ നമസ്കരിക്കാനും പാടില്ല.എന്നാൽ ഈ മന്ത്രത്തകിടുകളിൽ ,ഖുർആനിൽ നിന്നുള്ള വചനങ്ങളും അനുവദനീയമായ പ്രാർത്ഥനകളും പ്രവാചകനിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ള ദുആകളുമാണ് അടങ്ങിയിട്ടു ങ്കിൽ അപ്പോഴത് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള വിഷയമാണ്.ചിലർ ഇത് അനുവദനീയമായി കണക്കാക്കുന്നു.എന്നാൽ മറ്റുള്ളവർ ഇത് അനുവദനീയം അല്ല എന്നും

പറഞ്ഞു.ഇതനുവദനീയമല്ല എന്നുള്ളതാണ് കൂടുതൽ സുരക്ഷിതമായ പക്ഷം.എന്തു കൊ ന്നാൽ ഇതെഴുതി കെട്ടൽ കൊ ് ഇസ്ലാം ഹറാമാക്കിയ എഴുതി കെട്ടലിനുള്ള വാതിൽ തുറന്നു കൊടുക്കലിനു കാരണമാകും.ഖുർആൻ എഴുതി കെട്ടിയാൽ അതിനോട് അനാദരവ് കാണിക്കുന്നതിനു വെച്ചു കൊടുക്കലാകും.ഖുർആൻ കൊ ു പോകാൻ അനുവദനീയമല്ലാത്ത സ്ഥലത്തേക്ക് അത് കൊ ് പോകാൻ കാരണവുമാകും.പക്ഷെ, ഇവ മന്ത്രത്തകിടുകളിൽ എഴുതുന്ന ആളുടെ പിന്നിൽ നിന്ന് നമസ്കരിക്കുന്നതിനു കുഴപ്പമില്ല.

ചുരുക്കിപ്പറഞ്ഞാൽ, മന്ത്രത്തകിടുകളിൽ ശിർക്കിന്റെ വചനങ്ങൾ, അറിയപ്പെടാത്ത പേരുകൾ, അല്ലാഹു അല്ലാത്തവരോടുള്ള തേട്ടങ്ങൾ, സൃഷ്ടികൾ, ജിന്നുകൾ, പിശാചുക്കളോടുമുള്ള സഹായ തേട്ടം പോലുള്ളതാണെങ്കിൽ അതിൽ അടങ്ങിയിട്ടുള്ളത് എന്താണെന്നു അയാൾക്ക് അറിയാമെങ്കിൽ അതെഴുതിയവനും ഉപയോഗിക്കുന്നവനും മുശ്രിക്കാണ്.എന്നാൽ അത് ഖുർആനിൽ നിന്നുള്ളതാണെങ്കിൽ അതെഴുതാതിരിക്കലും ഉപയോഗിക്കാതിരിക്കലുമാണ് സുരക്ഷിതമയ മാർഗം.

**١١- إذا كان الإمام مشعوذا يدعي علم الغيب أو يقوم بخرافات ومنكرات فلا يجوز أن يتخذ إماما ولا يصلى خلفه لأن من ادعى علم الغيب فهو كافر نسأل الله العافية ، يقول جل وعلا : قُلْ لا يَعْلَمُ مَنْ فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلا اللَّهُ وهكذا من يتعاطى السحر حكمه حكم الكفار لقول الله تعالى : وَاتَّبَعُوا مَا تَتْلُو الشَّيَاطِينُ عَلَى مُلْكِ سُلَيْمَانَ وَمَا كَفَرَ سُلَيْمَانُ وَلَكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِّحْرَ وَمَا أُنْزِلَ عَلَى الْمَلَكَيْنِ بِبَابِلَ هَارُوتَ وَمَارُوتَ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولا إِنَّمَا نَحْنُ فِتْنَةٌ فَلا تَكْفُرْ الآية من سورة البقرة .**

**أما إذا كان عنده شيء من المعاصي وليس عنده شيء من أعمال الكفر كالسحر ودعوى علم الغيب ولكن عنده شيء من المعاصي فالصلاة خلفه صحيحه والأفضل التماس غيره من أهل العدالة والاستقامة احتياطا للدين وخروجا من خلاف العلماء القائلين بعدم جواز الصلاة خلفه**

**أما العصاة فلا ينبغي أن يتخذوا أئمة لكن متى وجدوا أئمة صحت الصلاة خلفهم لأنهم قد يبتلى بهم الناس وقد تدعو الحاجة للصلاة خلفهم . أما من يدعو غير الله أو يستنجد بالموتى ويستغيث بهم ويطلبهم المدد فهذا لا يصلى خلفه ، لأنه يكون بهذا الأمر من جملة الكفار لأن هذا هو عمل المشركين الذين قاتلهم النبي صلى الله عليه وسلم في مكة وغيرها . ونسأل الله أن يصلح أحوال المسلمين وأن يمنحهم الفقه في الدين وأن يولي عليهم خيارهم إنه سميع قريب.**

11. ഷെയ്ഖ് ഇബ്നു ബാസിന്റെ മറ്റൊരു ഫത്‌വ കാണുക.

ഇമാം അദൃശ്യമായവ അറിയാം എന്ന് അവകാശപ്പെടുന്ന ആളും അല്ലെങ്കിൽ ഐതിഹ്യങ്ങൾ പിൻപറ്റുകയും പൈശാചികമായ പ്രവർത്തനങ്ങൾ ചെയ്യുന്ന ആളുകളുമാണെങ്കിൽ അയാളെ ഇമാം

ആക്കാനോ, അയാളുടെ പിന്നിൽ നമസ്കരിക്കാനോ പാടില്ല. എന്തു കൊണ്ടെന്നാൽ, അദൃശ്യമായ കാര്യങ്ങൾ അറിയാം എന്ന് അവകാശപ്പെടുന്നവൻ കാഫിറാണ്.

قُل لَّا يَعْلَمُ مَن فِي ٱلسَّمَـٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ ۚ

(നബിയേ,)പറയുക : 'ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ ആരും അദൃശ്യ കാര്യം അറിയുക ഇല്ല, അല്ലാഹുവല്ലാതെ'

സിഹ്ർ ചെയ്യുന്ന വ്യക്തിക്കും ഇതേ നിയമം ബാധകമാണ്.

وَٱتَّبَعُوا۟ مَا تَتْلُوا۟ ٱلشَّيَـٰطِينُ عَلَىٰ مُلْكِ سُلَيْمَـٰنَ ۖ وَمَا كَفَرَ سُلَيْمَـٰنُ وَلَـٰكِنَّ ٱلشَّيَـٰطِينَ كَفَرُوا۟ يُعَلِّمُونَ ٱلنَّاسَ ٱلسِّحْرَ وَمَآ أُنزِلَ عَلَى ٱلْمَلَكَيْنِ بِبَابِلَ هَـٰرُوتَ وَمَـٰرُوتَ ۚ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّىٰ يَقُولَآ إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ ۖ

സുലൈമാൻ നബിയുടെ രാജ വാഴ്ചയുടെ (രഹസ്യമെന്ന) പേരിൽ പിശാചുക്കൾ പറഞ്ഞു പരത്തിക്കൊണ്ടിരുന്നത് അവർ (ഇസ്രാഈല്യർ) പിൻപറ്റുകയും ചെയ്തു.സുലൈമാൻ നബി ദൈവ നിഷേധം കാണിച്ചിട്ടില്ല.എന്നാൽ ജനങ്ങൾക്ക് മാന്ത്രിക വിദ്യ പഠിപ്പിച്ചു കൊടുത്ത് കൊണ്ട് പിശാചുക്കളാണ് ദൈവ നിഷേധത്തിലേർപ്പെട്ടത്.ബാബിലോണിൽ ഹാറൂത്ത് എന്നും മാറൂത്ത് എന്നും പേരുള്ള രണ്ട് മാലാഖമാർക്ക് ലഭിച്ചതിനെയും (പറ്റി പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരുന്നത് അവർ പിന്തുടർന്നു).എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും , 'ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമകുന്നു; അതിനാൽ (ഇതുപയോഗിച്ച്) ദൈവ നിഷേധത്തിൽ ഏർപ്പെടരുത്' എന്നവർ പറഞ്ഞു കൊടുക്കാതിരുന്നില്ല.

എന്നാൽ ആ വ്യക്തി ചെയ്യുന്നത് സിഹ്ർ ,അദൃശ്യമായത് അറിയാം എന്നവകാശപ്പെടുന്നത് പോലെ അല്ലാത്ത കുഫ്ർ വരാത്ത തെറ്റുകളാണെങ്കിൽ അയാളുടെ പിന്നിൽ നമസ്കരിച്ചാൽ ശരിയാകും. എന്നാലും , ജനങ്ങളോടുള്ള ദീനിനോടുള്ള പ്രതിജ്ഞാബദ്ധത സംരക്ഷിക്കാനും, ഇങ്ങനെയുള്ളവരുടെ പിന്നിൽ നിന്ന് നമസ്കരിക്കൽ അനുവദനീയമല്ല എന്ന പറഞ്ഞ പണ്ഡിതന്മാർക്ക് എതിരാവാതിരിക്കാനും വേണ്ടി നല്ല സ്വഭാവവും സച്ചരിതനുമായ മറ്റാരെയെങ്കിലും നോക്കലാണ് നല്ലത്.

എന്നാൽ അല്ലാഹു അല്ലാത്തവരോട് തേടുന്നവരുടെ കാര്യം , അല്ലെങ്കിൽ മരിച്ചവരോട് സഹായം തേടുന്നവൻ, അവന്റെ പിന്നിൽ നിന്ന് നമസ്കരിക്കരുത്.എന്തു കൊണ്ടെന്നാൽ അവൻ ഈ കര്യങ്ങൾ ചെയ്തതിലൂടെ കുഫാറുകളുടെ കൂട്ടത്തിലായി.പ്രവാചകൻ യുദ്ധം ചെയ്ത മക്കയിലെയും മറ്റുമുള്ള മുശ്‌രിക്കുകളുടെ സ്വഭാവമണ് ഇതു.

**ونسأل الله أن يصلح أحوال المسلمين وأن يمنحهم الفقه في الدين وأن يولي عليهم خيارهم إنه سميع قريب.**